## (30.) കിഴവള്ളൂർ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മലങ്കര കത്തോലിക്കാ സഭയിൽ പത്തനംതിട്ട രൂപതയിൽ കോന്നി വൈദിക ജില്ലയിൽ കിഴവള്ളൂർ എന്ന മലയോര ഗ്രാമത്തിൽ അച്ചൻകോവിലാറിന്റെ തീരത്ത് അതിമനോഹരമായി ശോഭിച്ച് ശിരസ്സുയർത്തി നിൽക്കുന്ന പരിശുദ്ധ ദേവാലയമാണ് കിഴവള്ളൂർ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക ദേവാലയം. 74 വർഷങ്ങൾക്ക് മുൻപ് മലങ്കര കത്തോലിക്ക മക്കൾക്കായി ഒരു ദേവാലയം വേണമെന്ന് പ്രദേശത്തുള്ള ചില ദൈവമക്കളുടെ മനസ്സിൽ ആഗ്രഹം ഉളവാക്കുകയും അതിന്റെ ഫലമായി മേപ്പുറത്ത് ശ്രീ.തോമായുടെ പുരയിടം കുമ്പഴ അച്ചൻ എന്നറിയപ്പെടുന്ന റവ.ഫാ.ഫീലിപ്പോസ് മേടയിൽ തന്റെ പേരിൽ വാങ്ങുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഏറ്റവും അടുത്ത മിത്രമായി പ്രവർത്തിച്ച് പുനരൈക്യപ്രസ്ഥാനത്തെയും മലങ്കര സറിയാനി കത്തോലിക്ക സഭയേയും ഏറെ സ്നേഹിച്ച മേടയിൽ അച്ചൻ ഇടവകയുടെ ചരിത്രിന്റെ ഏടുകളിലെ പ്രകാശഗോപുരമാണ്. തന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ ഒരു ദേശത്തെ നാനാജാതി മതസ്ഥരുടെ സ്നേഹബഹുമാനങ്ങൾ ഏറ്റുവാങ്ങി മൺമറഞ്ഞ വന്ദ്യ പുരോഹിതനാണ്. പുരയിടം വാങ്ങിയതിനുശേഷം സഭയിലെ മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി മാർ ഈവാനിയോസ് പിതാവിനെ ദേവാലയിന്റെ രൂപരേഖകാണിച്ച് ബോധ്യപ്പെടുത്തിയതിനുശേഷം 1947 മാർച്ച് 6ന് പള്ളിയുടെ കല്ലിട്ട് നിർമ്മാണം ആരംഭിച്ചു. രണ്ട് വർഷം നീണ്ടുനിന്ന നിർമ്മാണ പ്രവർനങ്ങൾക്ക് ശേഷം 1949 ഡിസംബർ 27ന് പ്രദേശത്തെ നാനാജാതി മതസ്ഥരുടെ പ്രവർത്തനം വഴിയായി ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ തൃക്കരത്താൽ വിശുദ്ധ പത്രോസ് ശ്ലീഹായുടെ നാമധേയത്തിൽ ദേവാലയം കൂദാശചെയ്തു. വിശുദ്ധ പത്രോസ് ശ്ലീഹായാണ് ഇടവകയുടെ സ്വർഗ്ഗീയ മധ്യസ്ഥൻ. ആദ്യകാലത്ത് പ്ത്ത കുടുംബങ്ങൾ മലങ്കര കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു.

മാസത്തിൽ രണ്ട് തവണ വിശുദ്ധ കുർബാന അർപ്പണം എന്ന നിലയിലായിരുന്നു തുടക്കം. 1967 - ൽ ബഥനി സന്യാസിസമൂഹിലെ രണ്ട് വൈദീകർ പള്ളികെട്ടിടത്തിൽ താമസിച്ചാണ് കുമ്പഴ ആശ്രമിന് തുടക്കമിട്ടത്.

പള്ളിയോട് ചേർന്നുള്ള പുരയിടത്തിൽ സെമിനാരി ക്രമീകരിച്ചു. പള്ളിയോട് ചേർന്ന് പള്ളിക്കുടം എന്ന മാർ ഈവാനിയോസ് പിതാവിന്റെ ദീർഘവീഷണം 1980 - ൽ കിഴവള്ളൂരിൽ സാധ്യമായി. അതേവർഷം മെയ് 12ന് ചെറുപുഷ്പം നെഴ്സറി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. അതിലൂടെ പ്രദേശത്തെ നിരവധി കുഞ്ഞുങ്ങൾക്ക് ആദ്യാക്ഷരം കുറിക്കാൻ സാധിച്ചു. വിശ്വാസപരിശീലനം, പ്രാർത്ഥനായോഗങ്ങൾ എന്നിവ ആദ്യകാലം മുതൽ തന്നെ ഇടവകയിൽ സജ്ജീവമായി തന്നെ പ്രവർത്തനം ആരംഭിച്ചു. യുവതിയുവാക്കളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമം ആക്കുന്നതിനുവേണ്ടി എം.സി.വൈ.എം. ആരംഭം കുറിച്ചു. രണ്ട് പ്രാർത്ഥനായോഗങ്ങൾ ആരംഭിച്ചു. ഇതോടെ പുതുചൈതന്യം പ്രകടമായി. 1985 - ൽ മാതൃവേദി, ലീജിയൻ ഓഫ് മേരി, സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി, എം.സി.എ. എന്നിവയ്ക്ക് സഭയിലെ പ്രഥമ കാതോലിക്കാവ കാലംചെയ്ത അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പുതുതായി വിവിധ സംഘടനകൾക്ക് രൂപം നൽകിയപ്പോൾ തുടക്കിലെ ഇടവകയിലും പ്രവർത്തനം ആരംഭിച്ചു.

സെലസ്റ്റിൻ ഒ.ഐ.സി. അച്ചൻ വികാരി ആയിരുന്ന സമയത്ത് പള്ളി പുതുക്കി പണിയുകയുണ്ടായി. അതിനുശേഷം ഡാമിയൻ ഒ.ഐ.സി. അച്ചന്റെ നേതൃത്വിൽ പരിശുദ്ധ ദേവാലയത്തിനോട് ചേർന്ന് വിശുദ്ധ ഗീവർഗീസ് സഹദായുടെ കുരിശടി സ്ഥാപിച്ചു. 1994 - ൽ മത്തായി ഐരാണറ ഒ.ഐ.സി. അച്ചന്റെ നേതൃത്വത്തിൽ ഭൂതക്കുഴി മുരുപ്പിൽ വേളാങ്കണ്ണി മാതാവിന്റെ കുരിശ്ശടി സ്ഥാപിച്ചു. നൈനാൻ ചെറുപുഴത്തോട്ടം ഒ.ഐ.സി. അച്ചൻ 2000 - ൽ പള്ളിക്കായി ഓഫീസ് കൂദാശ ചെയ്തു. 2010 - ൽ ദേവാലയിനോട് ചേർന്ന് പിയാത്തേ പോർച്ച്. തോമസ് ജോർജ്ജ് ഒ.ഐ.സി. അച്ചന്റെ കാലത്ത് അന്തോണിയോസ് പിതാവ് കൂദാശ ചെയ്തു. ദേവാലയിനോട് ചേർന്ന് സണ്ടേസ്കൂൾ മന്ദിരം 2015 ഡിസംബർ 24ന് ബാബു മൈക്കിൾ ഒ.ഐ.സി. അച്ചൻ കൂദാശ നിർവഹിച്ചു. 2017 നവംബർ ഗ്രീഗോറിയോസ് കോയിക്കലേത്ത് ഒ.ഐ.സി. അച്ചന്റെ നേതൃത്വത്തിൽ പരിശുദ്ധ വേളാങ്കണ്ണി മാതാവിന്റെയും വിശുദ്ധ യൂദാതദേവൂസിന്റെയും രൂപങ്ങൾ പരസ്യവണക്കത്തിനായി ചപ്രിൽ പ്രതിഷ്ഠി

ച്ചു. ഭൗതീകകാര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ആത്മീയ വളർച്ചയും പ്രവഹിക്കുന്ന വിധത്തിൽ ഇടവകയിൽ നിന്ന് നാല് സന്യാസിനികളും ഒരു വൈദികനും ഒരു വൈദിക വിദ്യാർത്ഥിയും ഉണ്ടായി.

ഡാനി മാത്യു ഒ.ഐ.സി., സി.ജോയൽ എസ്.ഐ.സി., സി.അൽഫോൻസ എസ്.ഐ.സി., സി.അനുപമ എസ്.ഐ.സി., സി. നിർമ്മൽ എസ്.ഐ.സി., ബ്ര.ആൽബർട്ട് ജോസഫ് ഒ.ഐ.സി. എന്നിവർ ഇടവകയുടെ അഭിമാനമാണ്. വിശ്വാസപരിശീലനം, എം.സി.വൈ.എം., മാതൃവേദി എന്നീ സംഘടനകൾ വൈദിക ജില്ലാതലിൽ ധാരാളം സമ്മാനങ്ങൾ നേടി ഇടവകയുടെ യശ്ശസ് വർദ്ധിപ്പിക്കുന്നു.

ഇടവകയിൽ സെന്റ് പീറ്റർ, സെന്റ് പോൾ, സെന്റ് ജോർജ്ജ് എന്നീപേരുകളിൽ മൂന്ന് പ്രാർത്ഥനായോഗങ്ങളും കൂടാതെ മറ്റ് ഭക്തസംഘടനകളും ഇടവകയിൽ പ്രവർിക്കുന്നു. ഇടവകയിൽ സേവനം അനുഷ്ഠിച്ച എല്ലാ വൈദികരേയും നന്ദിയോടെ ഓർക്കുന്നു.

സിസ്റ്റേഴ്സ്, ആത്മായ പ്രേഷിതർ, ഇടവക തലത്തിൽ നിന്ന് സഭയുടെ വിവിധ മേഖലകളിലേക്ക് എപ്പെട്ട മൺമറഞ്ഞ പൂർവ്വപിതാക്കന്മാരെയും നിലവിൽ ചുമതല വഹിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കട്ടെ.

പത്ത് കുടുംബങ്ങളായി തുടങ്ങിയ ദൈവികകൂട്ടായ്മ ഇപ്പോൾ 85 കുടുംബങ്ങളായി മുന്നോട്ടുപോകുന്നു. സഭയിലെ എല്ലാ പ്രേഷിത പ്രവർത്തനത്തിനും കിഴവള്ളൂരിന്റേതായ സാന്നിധ്യം അറിയിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ദിവസവും ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പണമുണ്ട്. പത്തനംതിട്ട രൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം, അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത എന്നിവരുടെ പ്രത്യേക കരുതലും സഭയുടെ തലവനും പിതാവുമായ മോറാൻ മോർ കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവയുടെ വാത്സല്യവും സ്വീകരിച്ചുകൊണ്ട് ഇടവക വികാരി, ഇടവക മാനേജിംഗ് കമ്മറ്റികൾ, മാതാപിതാക്കൾ, യുവതിയുവാക്കൾ, കുഞ്ഞുങ്ങൾ എന്നിവർ ഒരുമയോട് പ്രവർത്തിച്ച് ഇടവകയുടെയും സഭയുടെ വളർച്ചയിൽ പങ്കാളികളാകുന്നു.

പുതുയുഗത്തിലേക്ക് കടക്കുമ്പോൾ കാലഘട്ടത്തിന്റെ വളർച്ചയ്ക്ക് അനുസരിച്ച് ആത്മീയതലത്തിലും ഭൗതീകതലത്തിലും ഇടവകയ്ക്ക് വളരുവാൻ കഴിഞ്ഞിട്ടുണ്ട്. വിശുദ്ധ പത്രോസ് ശ്ലീഹായുടെയും വിശുദ്ധ കന്യകാമറിയത്തിന്റെയും ഇടവകയിൽ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്നു. പാവങ്ങളുടെ അമ്മ ആഗോള കത്തോലിക്കാസഭയുടെ വിശുദ്ധ മദർതെരേസയുടേയും കരുണ്യം ധാരാളമായി ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവജനം സമൂഹനന്മയ്ക്കായി പ്രവർത്തിച്ചു വരുന്നു.

**<u>ഇടവകയിലെ ദൈവവിളികൾ</u>**

1. റവ. ഫാ. ഡാനി മാത്യു ഒ.ഐ.സി.
2. ബ്ര.ആൽബർട്ട് ജോസഫ് ഒ.ഐ.സി.
3. സി.ജോയൽ എസ്.ഐ.സി.
4. സി.അൽഫോൻസ എസ്.ഐ.സി.
5. സി.അനുപമ എസ്.ഐ.സി.
6. സി. നിർമ്മൽ എസ്.ഐ.സി.

**<u>കിഴവള്ളൂർ ഇടവകയിൽ സേവനം ചെയ്ത വൈദികർ</u>**

1. റവ.ഫാ. ഫിലിപ്പോസ് മേയിൽ - 1944
2. റവ.ഫാ. സെലസ്റ്റിൻ ഒ.ഐ.സി.

3. റവ.ഫാ. ഇഗ്നേഷ്യസ് ഒ.ഐ.സി.

4. റവ.ഫാ. സ്റ്റീഫൻ തിരുവാലിൽ ഒ.ഐ.സി.

5. റവ.ഫാ. പക്കോമിയോസ് ഒ.ഐ.സി.

6. റവ.ഫാ. പീറ്റർ കോഴിമല ഒ.ഐ.സി.

7. റവ.ഫാ. ഫ്രാൻസിസ് അസ്സീസി ഒ.ഐ.സി.

8. റവ.ഫാ. തോമസ് ഇലഞ്ഞിയിൽ ഒ.ഐ.സി.

9. റവ.ഫാ. ഡാമിയിൽ ഒ.ഐ.സി.

10. റവ.ഫാ. വർഗീസ് തെക്കുമല ഒ.ഐ.സി.

11. റവ.ഫാ. വർഗീസ് തറമുട്ടം ഒ.ഐ.സി.

12. റവ.ഫാ. ആബ്രോസ് മുത്തേരിൽ ഒ.ഐ.സി.

13. റവ.ഫാ. ലാസർസ് ഒ.ഐ.സി.

14. റവ.ഫാ. സഖറിയ കുഴിപ്പറമ്പിൽ ഒ.ഐ.സി.

15. റവ.ഫാ. ഇടിക്കുള പാണ്ടിയത്ത്

16. റവ.ഫാ. വർഗീസ് ചരുവിലേത്ത്

17. റവ.ഫാ. മത്തായി ഐരാണിറ ഒ.ഐ.സി.

18. റവ.ഫാ. ചാക്കോ ഫിലിപ്പ് ഒ.ഐ.സി.

19. റവ.ഫാ. തോമസ് റെജി ഒ.ഐ.സി.

20. റവ.ഫാ. നൈനാൻ ഒ.ഐ.സി.

21. റവ.ഫാ. ദാനിയേൽ ചേന്നാത്ത് ഒ.ഐ.സി.

22. റവ.ഫാ. ജോസ് കുരുവിള ഒ.ഐ.സി.

23. റവ.ഫാ. ടൈറ്റസ് ജോൺ ഒ.ഐ.സി.

24. റവ.ഫാ. തോമസ് ജോർജ്ജ് ഒ.ഐ.സി.

25. റവ.ഫാ. ബാബു മൈക്കിൾ ഒ.ഐ.സി.

26. റവ.ഫാ. ഗ്രീഗോറിയോസ് കോയിക്കലേത്ത് ഒ.ഐ.സി.

27. റവ.ഫാ. റിജോ തോമസ് ഒ.ഐ.സി.

28. റവ.ഫാ. ബ്ലസ്സൻ മാത്യു ഒ.ഐ.സി.

29. റവ.ഫാ. റോബിൻ കലതിവിളയിൽ

**കിഴവള്ളൂർ ഇടവകയിലെ ചുമതലക്കാർ**

1. ബേബി അഞ്ചുമുറിയിൽ

2. ഉണ്ണൂണി കൊല്ലംപറമ്പിൽ

3. സ്കറിയ കോളോത്തുമണ്ണിൽ

4. വി.എ.മാത്യു വല്ല്യയ്യത്ത്

5. പി.റ്റി.ജോർജ്ജുകുട്ടി പുത്തൻപുരയിൽ

6. ജോൺ മുതിരകാലായിൽ

7. ഷാജി മുരുപ്പേൽ മേപ്പുറത്ത്

8. ഡി.മാത്യു കൊല്ലംപറമ്പിൽ

9. ജോസ് മാത്യു മേരിവില്ല

10. പാപ്പച്ചൻ അഞ്ചുമുറിയിൽ

11. എ.എം.തങ്കച്ചൻ അഞ്ചുമുറിയിൽ

12. ജോൺ മാത്യു വല്ല്യയ്യത്ത്

13. റോയി തോമസ് കാവിൽ കടവിൽ

14. റോബിൻ മാത്യു മരുതിവിളയിൽ

15. ഡെനീഷ് റ്റി.ഒ. തെക്കേകൊല്ലംപറമ്പിൽ

16. പി.റ്റി.തോമസ് പുത്തൻപുരയിൽ

17. ജോർജ്ജ് അടിമുറിയിൽ (പാറയിൽ)